# തിരുക്കൊച്ചി കമ്പനിയുടെ നീരകേക്ക് വിപണിയിൽ

കൊച്ചി: കേരളത്തിൽ ആദ്യമായി നീരകേക്ക് വിപണിയിലെത്തുന്നു. തിരുക്കൊച്ചി കമ്പനിയുടെ കീഴിൽ നീര ടാപ്പ് ചെയ്യാൻ ലൈസൻസ് ലഭിച്ച കോതമംഗലം ഫെഡറേഷനാണ് മൂവാറ്റുപുഴയിലെ ഇന്ത്യൻ ബേക്കറി വഴി നീരകേക്ക് നിർമിച്ച് വിപണിയിലെത്തിക്കുന്നത്. പഞ്ചസാരയ്ക്കു പകരം നീര ശർക്കര സിറപ്പ് ഉപയോഗിച്ചാണ് കേക്ക് നിർമിക്കുന്നത്. പഞ്ചസാരയുടെ പകുതി ഗ്ലൈസീമിക് ഇൻഡക്സ് ഉള്ള നീര ശർക്കര സിറപ്പ് ഉപയോഗിച്ചുണ്ടാക്കുന്ന രുചിയേറിയ കേക്ക് പ്രമേഹരോഗികൾക്കും ഉത്തമമാണ്.

കേക്കിന്റെ വിതരണ ഉദ്ഘാടനം നാളികേര വികസ ബോർഡിൽ മുഖ്യ നാളികേര വികസന ഓഫീസർ സുഗതഘോഷ് നിർവഹിച്ചു. ക്രിസ്മസ് പ്രമാണിച്ച് കേക്കുകൾ നിർമിച്ച് വിതരണം ചെയ്യുമെന്ന് ഫെഡറേഷൻ പ്രസിഡന്റ് പി.പി. മത്തായി അറിയിച്ചു. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്, കമ്പനി ഡയറക്ടർ ബോർഡ് അംഗം പി.പി. മൊയ്തീൻഹാജി, കോതമംഗലം ഫെഡറേഷൻ വൈസ് പ്രസിഡന്റ് മാവുടി മുഹമ്മദ് ഹാജി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ജോസഫ് ബാബു ചെയർമാനായ തിരുകൊച്ചി കമ്പനിയുടെ നേതൃത്വത്തിൽ നീരയും നീരയുടെ മറ്റ് മൂല്യവർധിത ഉൽപന്നങ്ങളായ നീരഹണി, ശർക്കര, മിഠായി, പാനി തുടങ്ങിയവയും വിപണിയിൽ എത്തിക്കുന്നുണ്ട്. നീരകേക്ക് വാങ്ങാൻ താല്പര്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യാൻ പി.പി. മത്തായി (ഫോൺ 9946901511), മൊയ്തീൻ ഹാജി (9447006537) എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.